(2) പാഠപുസ്തക വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി

ശ്രീ. സാജു പോൾ: എല്ലാ അദ്ധ്യയന വർഷാരംഭത്തിലും പാഠപുസ്തകങ്ങൾ ലഭിക്കാത്തതുസംബന്ധിച്ചുള്ള വിവാദങ്ങൾ ഉയർന്നു വരാറുണ്ട്. ശില കിട്ടാതലയുന്ന ശില്പിയും, ഗതികിട്ടാതലയുന്ന പ്രേതവും, പാഠപുസ്തകം കിട്ടാത്ത കുട്ടികളും ഒരുപോലെയാണ്. കേരളത്തിൽ കെ.ബി.പി.എസ്. പോലെയുള്ള പ്രശസ്തമായ സ്ഥാപനങ്ങളും പാഠപുസ്തക അച്ചടിക്കുവേണ്ടി മാത്രം സ്ഥാപിച്ച ഗവൺമെന്റ് പ്രസ്സുകളും ഉണ്ടായിട്ടും പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. മൂന്നരക്കോടി പുസ്തകമാണ് 50 ലക്ഷം കുട്ടികൾക്ക് വേണ്ടത്. അതിൽ രണ്ട് കോടി പുസ്തകമാണ് കെ.ബി.പി.എസ്.-ൽ അച്ചടിക്കാറുള്ളത്. ബാക്കി പുറത്തുകൊടുക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ പൂർണ്ണമായും ഈ പാഠപുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്.-ൽ നടത്താൻ കഴിയും. അച്ചടി വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും വിദ്യാഭ്യാസ-ധനകാര്യ വകുപ്പുമന്ത്രിമാരും യോജിച്ച പ്രവർത്തനം വഴി പ്രശ്നം പരിഹരിക്കണം. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം ഗവണ്മെന്റ് ഉത്തരവ് ഇറക്കിയിട്ടും ഇപ്പോഴും അത് നടപ്പിലാക്കിയിട്ടില്ല, സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും പാഠപുസ്തകം പൂർണ്ണമായി കിട്ടിയിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്-ലും ഗവൺമെന്റ് പ്രസ്സുകളിലും അച്ചടിക്കുന്നതിനും പേപ്പറും മാറ്റും കൃത്യമായി നൽകുന്നതിനും അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): 50 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് 3.4 കോടി പുസ്തകങ്ങളാണ് ഇപ്പോൾ അച്ചടിക്കേണ്ടത്. ഏതായാലും കെ.ബി.പി.എസ്.-ന്റെയും റിപ്രോഗ്രാഫിക് സെന്ററിന്റേയും ഗവണ്മെന്റ് പ്രസ്സിന്റേയും അച്ചടി ഏറെക്കുറെ പൂർത്തിയായി. കെ.ബി.പി.എസ്.-ന് ഇന്നുവരെയില്ലാത്ത നിലയ്ക്കാണ് ഗവണ്മെന്റ് അച്ചടി കൊടുത്തത്. 10 ലക്ഷം പുസ്തകങ്ങൾ അച്ചടിക്കാൻ ബാക്കിയുണ്ട്. ഈ വസ്തുതകൂടി കണക്കിലെടുക്കണം. ധനകാര്യ വകുപ്പുമന്ത്രിയും അച്ചടി മന്ത്രിയും ഞാനുംകൂടി ഇതു സംബന്ധിച്ച് സമ്മേളനം നടത്തി ആ സമ്മേളനത്തിന്റെ ധാരണയനുസരിച്ച് കാര്യങ്ങൾ നീങ്ങും.

LIBRARY ARCHIVES Kerala Legislative Assembly